(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഹരിതസംഘങ്ങൾ മുഖേന പച്ചക്കറികൃഷി നടപ്പിലാക്കി വരുന്നു. ഹരിതസംഘങ്ങൾ കൂടാതെ കാർഷിക സർവ്വകലാശാല ഹോർട്ടികൾച്ചറൽ പ്രോഗ്രാം, ഹോർട്ടിക്കൾച്ചറൽ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽപാം ഇൻഡ്യാ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ സ്കൂളുകൾ, വീട്ടമ്മമാർ എന്നിവരും ഈ സംരംഭത്തിൽ പങ്കാളികളായി. ദേശീയ നീർമറി പ്രദേശങ്ങളിലും ഹരിത സംഘങ്ങൾ രൂപീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുകയുണ്ടായി. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി ഹോർട്ടികോർപ്പ് നേരിട്ടുവാങ്ങി ഹരിത സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതു കൂടാതെ, സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ചിട്ടുള്ള വിപണനകേന്ദ്രം മുഖേനയും വിതരണം നടത്തുന്നു. കെ.എച്ച്.ഡി.പി. സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ സ്വാശ്രയ കർഷക വിപണികൾ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

(ഇ) നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 18407 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറികൃഷി നടത്തുന്നതിന് സാധിച്ചു. പദ്ധതി ആരംഭിച്ച 1997-98 മുതൽ നാളിതുവരെ 340 കോടി രൂപ വിലവരുന്ന 5.59 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. അന്യസംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി ഇറക്കുമതിയിൽ 40 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഹരിതസംഘങ്ങൾ ഉൽപ്പാദിപ്പിച്ച പച്ചക്കറി ഹോർട്ടികോർപ്പ് മുഖേന കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുകവഴി പച്ചക്കറി വില പിടിച്ചുനിറുത്താൻ കഴിഞ്ഞു. 62409 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി. 37,56,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

100(2662) പച്ചക്കറിയിൽ സ്വയംപര്യാപ്തത

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) ഇതിലേക്കു വേണ്ടി എന്തു തുകയാണ് കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ചെലവഴിച്ചിട്ടുള്ളതെന്നും 1999-2000-ലെ വാർഷിക ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറിക്ഷാമം പരിഹരിച്ച് സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിപ്രകാരം ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നു. കൃഷി വകുപ്പിനെ കൂടാതെ കാർഷിക സർവകലാശാല സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ, ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രോഗ്രാം എന്നിവയും പച്ചക്കറി ഉൽപ്പാദനത്തിൽ പങ്കെടുക്കുന്നു. കൂടാതെ, ദേശീയ വാട്ടർഷെഡ്ഡ് പദ്ധതി പ്രകാരവും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ എന്നിവരും പദ്ധതിയുടെ ഭാഗമായി പച്ചക്കറിത്തോട്ടങ്ങൾ സംഘടിപ്പിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) 1997-98 ൽ 452 ലക്ഷം രൂപയും 1998-99-ൽ 562.5 ലക്ഷം രൂപയും ചെലവഴിച്ചു. 1999-2000 ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

101 (2663) പച്ചക്കറി സംഭരണം

ശ്രീ. കെ. ബാബു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസനത്തിനും സമഗ്ര വാഴക്കൃഷി വികസനത്തിനുമായി ത്രിതല പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം 1999 മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചു;

(ബി) ഈ കാലയളവിൽ എന്ത് തുകയ്ക്കുള്ള പച്ചക്കറിയും വാഴക്കുലയും ഉൽപ്പാദിപ്പിച്ചു;

(സി) ഇവ സംഭരിക്കുവാനും വിൽക്കുവാനും ഉണ്ടാക്കിയ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) ഈ സാമ്പത്തികവർഷം ഇവയുടെ സമഗ്ര വികസനത്തിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

102 (2664) വളം നിർമ്മാണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചിലവളങ്ങളും കൂട്ടുവളങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തെങ്കിലും പ്രോത്സാഹനം നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് ഈ ഇനത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി നൽകുന്നത്;

(സി) ഇതിലേയ്ക്കായി ഓരോ വർഷവും നീക്കിവച്ച തുക എത്ര; ചെലവഴിച്ച തുക എത്ര എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly